ഹുസൈൻ രണ്ടത്താണി

**മലബാർ സമരങ്ങളെ കൊന്നു തള്ളിയതെങ്ങനെ?**

ടിപ്പുവിന്റെ കാലത്ത് തുടങ്ങി 1921ൽ ബ്രിട്ടീഷുകാരുടെ കാലം നീണ്ട മലബാറിലെ മാപ്പിളമാരുടെ സമരങ്ങളെ കുറിച്ച് നിരവധി തിസീസുകൾ നമുക്ക് മുമ്പിലുണ്ട്. ചൂഷണങ്ങളും അവഗണനകളുമാണ് ഈ സമരങ്ങളുടെ മുഖ്യ ഹേതുവെന്നത് മനസ്സിലാക്കാനൊരു പ്രയാസവുമുണ്ടാവില്ല. മൈസൂരിയൻ ഭരണത്തിൽ അവരുടെ റവന്യൂപരിഷ്കാരങ്ങളിൽ പ്രതിഷേധിച്ചാണ് നാട്ടിലെ നികുതി പിരിക്കുന്ന മൂപ്പൻമാരായ അത്തൻ കുരിക്കളും മണത്തല മൂപ്പനുമൊക്കെ ടിപ്പു സുൽതാനെതിരെ സമരം നയിച്ചത്. നികുതി പിരിവിൽ തങ്ങളനുഭവിച്ചിരുന്ന വിഹിതം വെട്ടിക്കുറച്ചതിന്റെ പേരിലായിരുന്നു ഈ സമരങ്ങൾ. അതോടൊപ്പം ടിപ്പുവിനെതിരൊയ നീക്കങ്ങളും ഈ സമത്തിനുണ്ടായിരുന്നു. മണത്തല മൂപ്പൻ സാമൂതിരിക്ക് വേണ്ടി കൂടിയാണ് സമരം നയിച്ചിരുന്നത്. മൈസൂരിയൻ ഭരണാധികാരികൾ കർഷകരിൽ നിന്ന് നേരിട്ട് നികുതി പിരിക്കുന്ന സമ്പ്രദായം തുടങ്ങുകയും ജന്മിമാരെ അവഗണിക്കുകയും ജാത്യാചാരങ്ങളെ ചോദ്യം ചെയ്യുകയും ചെയ്തപ്പോൾ ഗതി കേടിലായ ജന്മിമാർ തിരുവിതാം കൂറിലേക്ക് പോവുകയായിരുന്നു. ഇവർ ടിപ്പുവിനെതിരെ തിരുവിതാം കൂർ രാജാവിനൊപ്പം ചേരുകയും ചെയ്തു. ഇവർ വിട്ടേച്ചു പോയ ഭൂമി പാട്ടക്കാർ സ്വന്തമായി കൃഷി ചെയ്യുകയും അവർ സുൽതാന് നികുതി കൊടുത്തു പോരുകയും ചെയ്തു. പത്ത് വർഷത്തിലധികം ഈ നില തുടർന്നു. ഹിന്ദുക്കളും മാപ്പിളമാരുമായ കർഷകർ ഈ ഭൂമിയിൽ കൃഷി ചെയ്തു വരികയാണ്. മാപ്പിളമാരായ കർഷകർ ഈ ഭൂമികളിൽ പള്ളികളും ശ്മശാനങ്ങളും സ്ഥാപിച്ചു കഴിഞ്ഞിരുന്നു. അവരക്കാലത്ത് മലബാർ ജില്ലയിലെല്ലാം കൂടി 1,7000 പേരേ ഉള്ളു. കൃഷി ചെയ്യുന്ന ഭൂമിയിൽ ജന്മികളില്ലാതിരുന്നിട്ടും ജന്മാവകാശമൊന്നും ഇവർ സ്ഥാപിച്ചിരുന്നില്ല. അതിന് നിയങ്ങളുമുണ്ടായിരുന്നില്ല. പാരമ്പര്യ നിയമ പ്രകാരം ജന്മിയുടെ ഭൂമി ഇടത്തട്ടുകാരായ കാണക്കാർ പാട്ടത്തിനെടുക്കും. അവരത് കുടിയാന്മാരെ വച്ച് കൃഷി ചെയ്യിക്കും. പാട്ടക്കാർ ജന്മിക്ക് നികുതി കൊടുക്കും. ഭൂമി പാരമ്പര്യമായി തന്നെ ഈ പാട്ടക്കാരുടെ നിയന്ത്രണത്തിലായിരിക്കും. ജന്മിയും പാട്ടക്കാരും തമ്മിൽ പിണങ്ങുമ്പോഴോ പാട്ടം ഒടുക്കാൻ താമസിക്കുകയോ ചെയ്യുമ്പോൾ നിലവിലെ പാട്ടക്കാരനെ ഒഴിവാക്കി ഭൂമി മററൊരാൾക്ക് നല്കും. നിയമം ഇങ്ങനെയാണെങ്കിലും കഷ്ടപ്പെടുത്തി ആരെയും പുറത്താക്കുമായിരുന്നില്ല. നിയമങ്ങൾ യരും തെററിക്കുമായിരുന്നില്ല.

**ബ്രിട്ടീഷ് കാലം**

ബ്രിട്ടീഷുകാർ ടിപ്പുവിൽ നിന്ന് മലബാർ കൈവശപ്പെടുത്തിയപ്പോൾ സ്ഥിതിഗതികൾ മാറി. ജന്മികളെ സഹകരിപ്പിച്ച് ഭരണം നില നിറുത്തുകയായിരുന്നു ഇവർക്ക് ലക്ഷ്യം. ഭരണം മാറിയപ്പോൾ തിരുവിതംകൂറിലേക്ക് പോയ ജന്മിമാരൊക്കെ മടങ്ങി വന്നു. മൊത്തത്തിൽ മലബാറിലാകെ 511 ജന്മിമാരാണുണ്ടായിരുന്നത്. അവരിൽ 12 പേർ മാപ്പിള ജന്മിമാരണ്. ജന്മിമാരെല്ലാം പൊതുവിൽ ബ്രിട്ടീഷുകാരുടെ സഹകാരികളായി. ഈ തക്കത്തിൽ തങ്ങളടെ അവകാശാധികാരങ്ങൾ ജന്മിമാർ ശക്തിപ്പെടുത്താൻ തുടങ്ങി. അമിതമായ നികുതിയാണ് ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയത്. ജന്മിമാർ ഈ നികുതി കാണക്കാരായ ഇടത്തട്ടുകാരുടെ തലയിൽ വച്ചു. കാണക്കാർ അത് വെറുംപാട്ടക്കാരായ കുടിയാൻമാരുടെ തലയിലും. ഇത് മൂലം പ്രദേശത്താകെ അസ്വസ്ഥത പടർന്നു. പല ജന്മാരും മാപ്പിളമാരെ ടിപ്പുവിന്റെ ആളുകളെന്ന് മുദ്ര കുത്തി ടിപ്പുവിനോടുള്ള അരിശം മാപ്പിളമാരായ കാണക്കാരുടെ (ഇടത്തട്ടുകാർ) തലയിൽ വയ്ക്കുകയും ചെയ്തു. അവരുടെ കീഴിൽ

ജോലിയെടുക്കുന്ന താണ ജാതിക്കാരായ ചെറുമക്കളുടെ  കാര്യവും കൂടുതൽ കഷ്ടത്തിലായി. കുടിയാൻമാർ ഏത് ജാതിയായാലും ജന്മിമാരുടെ ഭാഗത്ത് നിന്ന് ഒരു ദാക്ഷിണ്യവുമുണ്ടായില്ല. കർഷകർ പലരും നാട് വിട്ട് കാടുകളിലഭയതേടി. നികുതി അടച്ചില്ല എന്ന പേരിൽ കൃഷിഭൂമിയിൽ നിന്നും കർഷകരെ നിരന്തരം പുറത്താക്കാൻ തുടങ്ങി. കർഷകരുടെ പരിദേഒനകൾ കേൾക്കാൻ ആരും മനസ്സു വച്ചില്ല.

കാണക്കാർക്കെതിരെ കള്ള രേഖകൾ ചമച്ച് ബ്രിട്ടീഷ് കോടതികളിൽ നല്കി അങ്ങനെയും പുറത്താക്കൽ തുടർന്നു. കോടതികളിൽ നിന്ന് കുടിയാൻമാർക്ക് ഒരു നീതിയും ലഭിച്ചില്ല. അവിടെ ജന്മിയുടേയം ബ്രിട്ടീഷുകാരുടേയും ആളുകളാണ് കേസ് നടത്തിയിരുന്നത്. കേസിൽ കുടിയാൻമാരെ തോല്പിക്കുകയും  അധികാരികളുടെ സഹായത്തോടെ ഭൂമിയിൽ നിന്ന് കുടിയൊഴിപ്പിക്കുകയും ചെയ്തു. പിന്നെ ഈ ഭൂമി തങ്ങളുടെ ഇഷ്ടക്കാർക്ക് കൊടുക്കും. ഇങ്ങനെ വരുന്ന ആളുകൾക്ക് കുടിയാൻമാരോട് ഒട്ടും താല്പര്യമുണ്ടായില്ല. പലപ്പോഴും ഈ കുടിയൊഴിപ്പിക്കൽ നെല്ല് വിളഞ്ഞു നില്ക്കുമ്പോഴോ വാഴക്കലകൾ വെട്ടാൻ പാകമാകുന്ന സമയത്തോയിരിക്കും. അന്ന് കൃഷി ചെയ്യുന്നതും ചെയ്യാത്തതുമായ എല്ലാ ഫല വർഗങ്ങൾക്കും നികുതി ഒടുക്കേണ്ടി വന്നു. ചക്കയും മാങ്ങയും വരെ നികുതിയിൽ നിന്നൊഴിവായില്ല. ഭൂമിയിൽ നിന്ന് കുടിയൊഴിപ്പിക്കുമ്പോൾ നഷ്ട പരിഹാരത്തുക കർഷകന് കൊടുക്കണമെന്ന നിയമവും ജന്മിമാർ പാലിച്ചില്ല.

സാധാരണ പാട്ടത്തിന് പുറമേ ജന്മിയുടെ കല്യാണത്തിനും പിറന്നാളിനും, വിഷുവിനും ഓണത്തിനുമൊക്കെയായി വേറെയും വക  കാണക്കാർ നല്കണണം.  അതൊക്കെ സ്നേഹപൂർവം തന്നെ ആദ്യ കാലത്ത് ചെയ്തിരുന്നതാണ്. പിപ്പിന്നെ ജന്മി അത് നിർബന്ധിച്ച് വാങ്ങിത്തുടങ്ങി. കൊടുത്തില്ലെങ്കിൽ ഭൂമി തിരിച്ചെടുത്ത് മററാർക്കെങ്കിലും നല്കും. ജന്മിയുടെ സന്തോഷത്തിലാണ് കുടിയാൻ സന്തോഷം കണ്ടിരുന്നത്. ജന്മിക്ക് വേണ്ടി ജീവിക്കുകയായിരുന്നു അവൻ. തനിക്ക് സ്വാതന്ത്ര്യമുള്ളൊരു ജീവിതമുണ്ടെന്നോ താനും ജന്മിയെപ്പോലെ മനുഷ്യനാണെന്നോ ഉള്ള ഒരു തോന്നലും കുടിയാനുണ്ടായിരുന്നില്ല. പക്ഷേ ചൂഷണം അതിരു വിട്ടപ്പോഴാണ് കുടിയാന് സ്വയം ബോധമധണ്ടാവുന്നത്. അതിന് ഇസ്ലാമിലേക്കുള്ളപരിവർത്തനം ഒരു പരിധി വരെ കാരണമാവുകയും ചെയ്തു. ടിപ്പുവിന്റെ കാലത്ത് കർഷകരനുഭവിച്ച പ്രവർത്തന സ്വാതന്ത്ര്യവും മറെറാരു കാരണമായി.

**മത വിശ്വാസം**

മാപ്പിളമാരായ കുടിയാൻമാർ കൂടുതൽ കഷ്ടപ്പെട്ടത് അവരുടെ മത വിശ്വാസത്തെ ചൊല്ലിയാണ്. ഈ മാപ്പിളമാർ അടുത്തിടെയായി മതം മാറിയവരാണ്. അവർ തങ്ങളുടെ പാട്ട ഭൂമിയിൽ പള്ളികളും ശ്മശാനങ്ങളും നിർമിച്ചിരുന്നു. തിരിച്ചു വന്ന പല ജന്മിമാരും ഈ പള്ളികൾ നില നില്ക്കാൻ അനുവദിച്ചില്ല. അവർ ഭൂമി തങ്ങളുടേതാണെന്ന് സ്ഥാപിച്ച് പള്ളികൾ പൊള്ളിക്കുകയും ശ്മശാനങ്ങൾ നിരപ്പാക്കുകയും ചെയ്തു. അത് പോലെ പുതിയ പള്ളികൾക്കും ശ്മശാനങ്ങൾക്കും ജന്മിമാർ സ്ഥലം നല്കിയതുമില്ല.

മതം മാറി വന്നവർക്ക് ജന്മി സമൂഹത്തിൽ ആദരവ് കല്പിച്ചിരുന്നു. ചില ജന്മിമാർ ഈ നിലപാടിൽ നിന്ന് മാറി. മതം മാറിയാലും പഴയ ജാത്യാചാരങ്ങൾ ഉപേക്ഷിക്കാൻ അവരെ അനുവദിച്ചില്ല. മതം മാറിയവരെ ഉപദ്രവിക്കാനും മടിച്ചില്ല. തിരൂരങ്ങാടിയിൽ ഒരു ചെറുമി മതം മാറി കുപ്പായമിട്ട് വന്നപ്പോൾ അവിടത്തെ നായർ ജന്മി അവരെക്കൊണ്ട് കുപ്പായം അഴിപ്പിച്ചത് കലാപത്തിന് കാരണമായി. തിരൂരങ്ങാടി തന്നെ  കപ്രാട്ട് പണിക്കരുടെ വധത്തിൽ കലാശിച്ച കലാപത്തിന്റേയും

പിന്നിൽ മതം മാറിയവരെ ജന്മിയുടെ ആളുകൾ അപമാനിച്ചതായിരുന്നു കാരണം. മതം മാറിയാലും ആചാരങ്ങൾ പാലിക്കണെ ടിപ്പുവിന്റെ മന്ന പുതിയ കല്പനകൾ  മതം മാറിയവർ പരിഗണിച്ചതുമില്ല. മതം മാറിയാൽ കിട്ടുന്ന സ്വാതന്ത്ര്യം ആചാരങ്ങളെ കൊണ്ട് ഇല്ലാതാക്കാൻ മതം മാറിയവർ തയാറായില്ല.

**മമ്പുറം തങ്ങൾ**

മലബാറിൽ മമ്പുറം സയ്യിദ് അലവി തങ്ങളുടെ ആഗമം ഇവിടെയുള്ള കർഷകർക്ക് വലിയ ആശ്വാസമായി. ഇത് വരെ തങ്ങളുടെ വിഷമങ്ങൾ അവതരിപ്പിക്കാനും കേൾക്കാനും ആളില്ലാതായിരുന്നു. എന്നാൽ തങ്ങൾ എല്ലാവരുടേയും സങ്കടങ്ങൾ കേട്ടു. അതിന് പരിഹാരം നിർദേശിക്കുകയും ചെയ്തു. കൃഷി ഭൂമിയിൽ നിന്ന് പുറത്താക്കപ്പെട്ടവരും  ദാരിദ്ര്യം അനുഭവിക്കുന്നവരും, ജന്മിയുടെ പീഡനങ്ങൾക്കിരയായവരും ആയിരുന്നു ആശ്വാസം തേടി മമ്പുറത്തെത്തിയത്. എല്ലാവർക്കും തങ്ങളുടെ സാന്നിധ്യം ആശ്വാസമായി. പാവപ്പെട്ട കുടിയാൻമാർ തങ്ങളുടെ സന്നിധിയിൽ വന്ന് ഇസ്ലാം സ്വീകരിച്ചു വന്നു. തലേക്കെട്ടും കുപ്പായവും സ്വീകരിച്ച് കലിമയും ചൊല്ലി മുസ്‌ലിമായി. തങ്ങളുടെ മാർഗത്തിൽ കൂടുന്നതോടെ കൂടുതൽ സ്വാതന്ത്ര്യം കിട്ടുമെന്ന ബോധമാണ് കർഷകരുടെ കൂട്ടമായ മതം മാററങ്ങൾക്ക് കാരണമായത്. മുട്ടിയറയിൽ ജന്മിയും പട്ടാളവും പള്ളിയിൽ കയറി മാപ്പിളമാരെ അപമാനിച്ചപ്പോൾ അവർക്കെതിരെ  സമരം നടത്താൻ തങ്ങൾ ആഹ്വാനം ചെയ്തു. കപ്രാട്ട് പണിക്കർക്കെതിരെ നടന്ന ചേറൂർ സമരത്തിൽ മമ്പുറം തങ്ങൾ നേരിട്ട് അരൂപിയായി പങ്കെടുത്തെന്ന് വരെ ജനം വിശ്വസിച്ചു.

സയ്യിദലവിതങ്ങളുടെ മരണശേഷം പുത്രൻ സയ്യിദ് ഫസൽ തങ്ങൾ കൂറേകൂടി സജീവമായി ജന്മി ബ്രിട്ടീഷ് വിരുദ്ധ സമരങ്ങൾക്ക് നേതൃത്വം നല്കി. സമരങ്ങൾക്ക് കൂടുതലായി ഇസ്ലാം രീതി കൈവന്നു. രക്തസാക്ഷിത്വം വരിക്കാുള്ള ആഹ്വാനം തങ്ങളുടെ കൃതികളിൽ മുഖ്യ പ്രമേയമായി, സൈഫുൽ ബത്താർ, തൻബീഹുൽ ഗാഫിലീൻ തുടങ്ങിയ കൊച്ചു കൃതികളിലൂടെ സമരാഹ്വാനം കൂടുതൽ ശക്തിപ്പെടുത്തി. സമരം മലബാറിന്റെ വിവിധ ഭാഗങ്ങളിലേക്ക് പടർന്നു. ഇത് മനസ്സിലാക്കിയ ബ്രിട്ടീവഷഷുകാർ 1853ൽ ഫസ്ൽ തങ്ങളെ അറേബ്യയിലക്ക് നാടു കടത്തി. ഇതിൽ കുപിതരായ മാപ്പിള യോദ്ധാക്കൾ നാടു കടത്തലിന്  കാരണക്കാരനായ കലക്ടർ കനോലിയെ അദ്ദേഹത്തിന്റെ വസതിയിൽ ചെന്ന് വെട്ടിക്കൊന്നു. പണ്ഡിതൻമാരും സയ്യിദ് വംശജരും സമരങ്ങൾ ക്ക് ശക്തി കൂട്ടി.

ജന്മിത്വ വിരുദ്ധ സമരമായിരുന്നെങ്കിലും എല്ലാ ജന്മിമാരരോടും സമരമുണ്ടായിരുന്നില്ല. പല ജന്മിമാരും കുടിയാന്മാരുമായി നല്ല ബന്ധം കാത്തു സൂക്ഷിച്ചു. അവരുടെ മനകളും കളങ്ങളും നെല്ലറകളും സൂക്ഷിക്കുന്നതിനും കാവൽ നില്ക്കുന്നതിനും താണ ജാതിക്കാരും മാപ്പിളമാരുമായ കുടിയാന്മാരെ തന്നെയാണ് ആശ്രയിച്ചു വന്നത്. എന്നാൽ ചില ജന്മിമാർ മാപ്പിളമാരോട് തീരെ ദയാ വായ്പില്ലാതെയാണ് പെരുമാറിയത്. കുടിയാന്മാരെ ഇവർ കണക്കററ് ദ്രോഹിച്ചു.  നിരവധി കുടിയൻമാരെ പുറത്താക്കി. പുറത്താക്കിയ ഹ ിന്ദു കുടിയാന്മാർ മതം മാറി മാപ്പിളമാരോടൊപ്പം സമരത്തിൽ ചേർന്നു. മതം മാററങ്ങൾക്ക് ഇതൊരു കാരണമായിരുന്നു. മതം മാറുകയല്ലാതെ മററൊരു ഗതിയും ഈ കുടിയാന്മാർക്കില്ലായിരുന്നു. സമരത്തിൽ പങ്കെടുത്തവർ മുഴുവൻ മതം മാറിയ കുടിയാന്മാരാണ്. മതം മാറിയത് ജന്മിത്വത്തിന്റെ നുകക്കീഴിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് താനും. ജന്മിമാരോട് പ്രതികാരം തീർക്കാൻ വേണ്ടി മതം മാറിയ സംഭവങ്ങളുമുണ്ട്. ജന്മിമാരെ

നേരിടാൻ മതം മാറുകയേ മാർഗമുണ്ടായിരുന്നുള്ളു. ഇങ്ങനെ മതം മാറിവരാണ് കലാപത്തിന്റെ മുന്നിലും പിന്നിലുമുണ്ടായിരുന്നത്. ഈ മതം മാററങ്ങൾ ആരുടേയും നിർബന്ധത്തിന് വഴങ്ങിയല്ല; പ്രത്യുത ജാതീയവും ജന്മിത്വപരവുമായ ചൂഷണങ്ങളാണ് ആശ്രയം നഷ്ടപ്പെട്ട ഈ വിഭാഗങ്ങളെ കൂട്ടത്തോടെ മതം മാറാൻ നിർബന്ധിച്ചത്. സമരക്കാലത്ത് മതം മാറാൻ ആഗ്രഹിച്ച് കൊണ്ട് നിരവധി പേരാണ് ദിനേന മമ്പുറത്തെ അങ്കണത്തിലെത്തിയിരുന്നത്. മമ്പുറമായിരുന്നു ഇവരുടെ രക്ഷാ കേന്ദ്രം. ഈ മതം മാററങ്ങൾ സാമൂഹികമായ വിപ്ലവം തന്നെയാണ്. കാരണം മതം മാറുന്നതോടെ ഇന്നലെ വരെ പാരതന്ത്ര്യത്തിൽ കഴിഞ്ഞ വ്യക്തിക്ക് ജീവിത സ്വാതന്ത്ര്യം ലഭിക്കുന്നു. മതം മാറിയവർ തലക്കെട്ട് കെട്ടിയും കുപ്പായമിട്ടും, ചെരിപ്പ് ധരിച്ചും അന്തസ്സോടെ നടക്കുന്നു.

മലബാർ സമരങ്ങളിൽ കാര്യമായ പങ്കു വഹിച്ചത് മതം മാറിവന്ന കുടിയാൻമാരാംെന്ന് പറഞ്ഞല്ലോ? ജനങ്ങളുടെ പ്രശ്നങ്ങളിൽ മമ്പുറം തങ്ങൾ നേരിട്ട് ഇടപ്പെട്ടതും, ഇവർ കുടിയാൻമാർക്ക് ജാതി ഭേദമന്യേ അത്താണിയായതുമാണ് മമ്പുറത്ത് വച്ചുള്ള വ്യാപകമായ പരിവർത്തനങ്ങൾക്ക് കാരണമായത്. ജന്മിയെ പ്രതിരോധിക്കാൻ ഹിന്ദു മതത്തിൽ വകുപ്പില്ലാത്തതും, മതം മാറിയവർ സമരത്തിന് കാണിച്ച ആവേശവും മതം മാററത്തെ പ്രോത്സാഹിപ്പിച്ചു. മതം മാറിയാൽ ചെറുമന് കിട്ടുന്നതിനേക്കാൾ കൂടുതൽ സ്വാതന്ത്ര്യവും കൂലിയും ജോലി സാധ്യതയും ലഭിക്കുന്നത് കൊണ്ടും മതം മാററം വർധിച്ചു കൊണ്ടിരുന്നു. ഇങ്ങനെ മതം മാറിയവർ പിന്നീട് വെറും പാട്ടക്കാരിൽ നിന്ന് കാണക്കാരുടെ സ്ഥാനത്തേക്ക് ഉയരുന്നതും കണ്ടു. ചെറുമരിൽ നിന്നാണ് കൂടുതലും മതം മാററങ്ങൾ ഉണ്ടായത്. വ്യാപകമായ മതം മാററങ്ങൾ മൂലം ചെറുമരുടെ എണ്ണത്തിൽ കുറവ് വന്നത് ലോഗൻ ചൂണ്ടിക്കാട്ടുന്നുണ്ട്. 1807ൽ 1. 7 ലക്ഷം മാത്രമായിരുന്ന മാപ്പിളമാർ 1921ൽ 10.04 ലക്ഷമായി ഉയർന്നു. ചൂഷണങ്ങൾക്കെതിരെ ഐക്യപ്പെടാൻ കഴിയാതിരുന്ന കുടിയാന്മാർ ഇസ്‌ലാമിലൂടെ ഐക്യപ്പെടുന്നതിന്റെ ഭാഗമാണ് ഈ മതം മാററങ്ങൾ. കുടിയാൻമാർക്ക് വേണ്ടി ശബ്ദമുയർത്താൻ ഒരു ജന്മിയും അന്നുണ്ടായില്ലെന്ന് മാത്രമല്ല; കുടിയാന്മാർക്കെതിരെ ജന്മാർ ഒരുമിച്ചു നിന്ന് ബ്രിട്ടീഷുകാരുടെ സഹായത്തോടെ ദ്രോഹങ്ങൾ വർധിപ്പിക്കുന്നതാണ് നാം കാണുന്നത്.

**ഖിലാഫത്**

മലബാറിനെ സംബന്ധിച്ചേടത്തോളം ഖിലാഫത്ത് സമരം അത് വരെ നടന്ന ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളുടെ തുടർച്ച തന്നെയാണ്. എന്നാൽ മാപ്പിള ജന്മി ബ്രിട്ടീഷ് എന്ന ത്രിപദങ്ങൾക്കൊപ്പം ഖിലാഫത്, ദേശീയത എന്നീ പദങ്ങൾ കൂടി ചേർന്നു. ആദ്യ കാല സമരങ്ങൾ പ്രാദേശികമായിരുന്നെങ്കിൽ 1921 ലേത് ദേശീയവും അന്തർദേശീയവുമായ തലങ്ങൾ ഉൾക്കൊണ്ടു. കേവലം മത പരമായ ആശയങ്ങൾ മാത്രമല്ല; ഖിലാഫത് സമരത്തെ പ്രചോദിപ്പിച്ചത്. ദേശീയമായ ആവേശത്തെ കൂടി മതത്തോട് കൂട്ടിച്ചേർത്തിരുന്നു. ഇത് ഗാന്ധിയൻ രീതിയായിരുന്നു. അതേ സമയം ഗാന്ധിജിയുടെ സത്യാഗ്രഹവും അഹിംസയും ഒന്നും മാപ്പിളമാർക്ക് വശമായിരുന്നില്ല. സമരം ബ്രിട്ടീഷുകാർക്കും ജന്മിമാർക്കമെതിരെ ആയതിനാൽ പഴയ അലകും പിടിയും തന്നെയാണ് അവരുപയോഗിച്ചത്. ഖിലാഫത് ഒന്നാം സ്വാത്രന്ത്ര്യത്തിന് ശേഷം ലോക ശ്രദ്ധയാകർഷിച്ച രണ്ടാം സമരമാണ്. ഗാന്ധിജിയും കോൺഗ്രസും മുസ്‌ലിം പണ്ഡിതൻമാരുമാണ് ഇതിന് നേതൃത്വം നല്കിയത്. ഹിന്ദു മുസ്‌ലിം ഐക്യത്തിന്റെ പ്രത്യക്ഷ പ്രകടനം കൂടിയായിരുന്നു ഈ സമരം. അതിനാൽ കോൺഗ്രസുകാർ വ്യാപകമായി തന്നെ ഖിലാഫത് സമരങ്ങളിൽ അണി ചേർന്നു. ഖിലാഫത് പ്രസ്ഥാനവും കോൺഗ്രസ് പ്രസ്ഥാനവും പരസ്പരം ശക്തിപ്പെട്ടു. കുടിയാൻമാരുടെ പരിദേവനങ്ങളും തുർക്കിയിലെ ഖിലാഫത് സംരക്ഷണവും സമരത്തിന്റെ അവിഭാജ്യഘടകമായിരുന്നു.

ഇവയുടെ ആത്യന്തിക ലക്ഷ്യമായിരുന്നു ബ്രിട്ടീഷുകാരുടെ ഭരണത്തിന് അറുതി വരുത്തുക എന്നത്. കോൺഗ്രസ് മുന്നോട്ടു വച്ച നിസ്സഹകരണ പ്രസ്ഥാനത്തിന്റെ കൂടപ്പിറപ്പായിട്ടാണ് ഖിലാഫത് സമരവും അരങ്ങേറിയത്. രണ്ടും തമ്മിൽ തിരിച്ചറിയാൻ കഴിയാത്ത വിധം ഒന്നായി പരിണമിച്ചു.

ഖിലാഫത് സമരത്തിന്റെമുന്നോടിയായി ഗാന്ധിജിയും ഷൗക്കത്തലിയും മലബാറിൽ വന്നെങ്കിലും ജനങ്ങളെ രംഗത്തിറക്കിയത് മത പണ്ഡിതൻമാരുടെയും സയ്യിദ് വംശജരുടേയും ഇടപെടൽ തന്നെയായിരുന്നു. നേതൃത്വം നല്കിയ പലരുടേയും പൂർവീകൻമാർ കഴിഞ്ഞ സമരങ്ങളിൽ രക്ത സാക്ഷിത്വം വരിച്ചവരായതിനാൽ  പ്രതികാരത്തിനുള്ള അവസരമായി കൂടി അവർ ഖിലാഫത് സമരത്തെ ഗണിച്ചു. ആലി മുസ്‌ലിയാരുടേയും ശിഷ്യൻമാരുടേയും സാന്നിദ്ധ്യം, നിരവധി സയ്യിദ് കുടുംബങ്ങളുടെ പങ്കാളിത്തം, പണ്ഡിതൻമാരുടെ ഫത്‌വകൾ എന്നിവ സമരങ്ങൾക്ക് ആവേശം പകർന്നു. ഒരു വിഭാഗം മാപ്പിളമാരും പണ്ഡിതൻമാരും സമരത്തിനെതിരെ ബ്രിട്ടീഷ് പക്ഷത്ത് ചേർന്നെങ്കിലും അവരെ അംഗീകരിക്കാൻ യാതനകളും പീഡനങ്ങളും നിരന്തരം അനുഭവിച്ച സാധാരണ കർഷകർ തയാറായില്ല. രക്തസാക്ഷിത്വത്തിലൂടെ അവർ പ്രതിരോധനിര സൃഷ്ടിക്കുകയായിരുന്നു. ചെകുത്താൻമാരായ ബ്രിട്ടീഷുകാർക്കെതിരെ മരണം വരെ സമരം എന്നതായിരുന്നു ഓരോരുത്തരുടേയും തീരുമാനം. അറസ്റ്റ് ചെയ്തവർ പോലും മരിക്കാ കഴിയാത്തതിലുള്ള ദുഃഖവും പേറിയാണ് ജയിലിൽ കഴിഞ്ഞത്.

**ഖിലാഫത് കർഷക ബന്ധം**

ഖിലാഫത് പ്രസ്ഥാനവുമായി കർഷക സമരങ്ങൾ കൂടിച്ചേർന്നതോടെ അതിന്റെ രൂപ ഭാവങ്ങളിലും മാററമുണ്ടാവുന്നുണ്ട്. നിരന്തരമായുണ്ടായ കർഷക സമങ്ങൾക്ക് അറുതി വരുത്താൻ സർക്കാർ പല കമ്മീഷനുകളും നിശ്ചയിച്ചിരുന്നെങ്കിലും അവ പൊതുവായ കാരണങ്ങൾ കണ്ടെത്തുന്നതിന് പകരം കുററം മാപ്പിളമാരുടെ മതഭ്രാന്തിൽ ചാർത്തുകയായിരുന്നു. അതോടൊപ്പം തന്നെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനെന്ന പേരിൽ ചില നിയമങ്ങൾ കൊണ്ടു വന്നെങ്കിലും അതൊന്നും ഫലപ്രദമായി നടപ്പാക്കാൻ ജന്മിമാർ സമ്മതിച്ചില്ല. 1857ലെ കുടിയാൻ നിയമം കർഷകർക്ക് പ്രതീക്ഷകൾ നല്കിയിരുന്നെങ്കിലം ചൂഷണങ്ങൾക്ക് കുറവുണ്ടായില്ല. കോടതികളിൽ കുടിയാൻമാർക്ക് വേണ്ടി വാദിക്കാനും ആരുമുണ്ടായില്ല.  അതിനാൽ പുറത്താക്കലും  പള്ളിക്കും ശ്മശാനത്തിനും അനുമതി നിഷേധിക്കലും നിർബാധം തുടർന്നു. പട്ടിണിയും അരക്ഷിതാവസ്ഥയും കൂടുതലായി. ഈ സമയത്താണ് ഖിലാഫത്തിന്റെ വിളി വരുന്നത്. ഖിലാഫത്തിനെ മതസൗഹൃദത്തിന്റെ വേദിയാക്കാനും ഗാന്ധിജി ശ്രമിച്ചു. ഇന്ത്യയിലെ മുസ്‌ലിം കളുടെ ആവശ്യത്തിന് വേണ്ടി ഹിന്ദുക്കളും അണി ചേരുന്നത് ഒരേ രാജ്യത്തിന്റെ മക്കളാണെന്ന നിലക്ക് അനിവാര്യമാണെന്ന് ഗാന്ധിജി പറഞ്ഞു. ഇതേ തുടർന്ന് ഹിന്ദു കോൺഗ്രസുകാർ സജീവമായി തന്നെ ഖിലാഫത്തിന് നേതൃത്വം നല്കി. ഗാന്ധിജിയുടെ സന്ദർശന ശേഷം പലേടത്തും ഖിലാഫത് കമ്മററികൾ വന്നു. പണ്ഡിതൻമാരും സയ്യിദ് വംശജരുമാണ് പൊതുവേ നേതൃത്വം നല്കിയിരുന്നത്. അതിനാൽ മതകീയ സ്വഭാവം ഖിലാഫത്തിലും തുടർന്നുവെങ്കിലും ആശ്ചര്യകരമാം വിധം മത സൗഹൃദം ഖിലാഫത് സമരങ്ങളിൽ ദൃശ്യമായി. ഖിലാഫത് യോഗങ്ങളിൽ എം. പി നാരയണ മേനോൻ, കേശവ മേനോൻ, ഗോപാല മേനോൻ, മാധവൻ നായർ, കേളപ്പൻ തുടങ്ങിവർ സജീവമായി. സാധാരണക്കാരും മതം മാറാത്തവരുമായ കുടിയാൻമാരും സമരങ്ങളിൽ പങ്കെടുത്തു തുടങ്ങി. ഹിന്ദുക്കളുടെ പൊതുവായ സാന്നിധ്യം മൂലമായിരുന്നു ഇത്.

**മമ്പുറത്തെ സ്ഥിതി**

ഫസൽ പൂക്കോയ തങ്ങളെ നാട് കടത്തുന്നതിന് ബ്രിട്ടീഷുകാരെ സഹായിച്ചത് അദ്ദേഹത്തിന്റെ ബന്ധുക്കൾ തന്നെയായിരുന്നു. പല തങ്ങൻമാരും ബ്രിട്ടീഷ് പക്ഷത്ത് നിന്ന് ആനുകൂല്യം നേടുകയും ഖാൻ ബഹാദൂർ പട്ടം സ്വീകരിക്കുകയും ചെയ്തിരുന്നു. മാപ്പിള സമരത്തെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ ഈ തങ്ങൻമാരെയും അവരുടെ അനുയായികളേയും നിരന്തരം ഉപയോഗിച്ചു. ഇവരെ പിന്തുണക്കുന്ന ഒരു വിഭാഗം പണ്ഡിതൻമാരും ഉണ്ടായിരുന്നു. കുടുംബക്കാരിൽ ചിലരുടെ കുടിപ്പകക്ക് ഫസൽ പൂക്കോയ തങ്ങൾ ഇരയാവുക കൂടിയായിരുന്നു. മമ്പുറത്തെ സ്വത്തുക്കൾ കൈക്കലാക്കാനുള്ള മോഹം കൂടി ഇതിന് പിന്നിലുണ്ട്. പൂക്കോയ തങ്ങൾ മലബാർ വിട്ടതിന് ശേഷം മമ്പുറം ബ്രിട്ടീഷനുകൂലികളുടെ വേദിയായി. സമരത്തെ അടിച്ചമർത്താൻ അവിടെ നിന്ന് ഒത്താശകളും ചെയ്തു കൊടുത്തു. മമ്പുറത്ത് വന്ന് മാപ്പ് പറഞ്ഞ പലരേയും ബ്രിട്ടീഷുകാർക്ക് ഒററിക്കൊടുക്കാനും പില്ക്കാലത്തെ മമ്പുറത്തെ പരിപാലകർ മടിച്ചില്ല. സമരാവേശം ഇത് കൊണ്ടൊന്നും ജനങ്ങളിൽ അസ്തമിച്ചില്ല. മതം മാററങ്ങളുടെ വേദി മമ്പുറത്ത് നിന്ന് പൊന്നാനിയിലേക്കും മലപ്പുറത്തേക്കും മാറി. മലപ്പുറം കുഞ്ഞിതങ്ങളും കുടുംബങ്ങളും, വിവിധ പ്രദേശങ്ങളിലെ പണ്ഡിതൻമാരും സയ്യിദ് വംശജരും, പൂക്കോയതങ്ങളുടെ തന്നെ സതീർഥ്യരും ബന്ധുക്കളും സമരങ്ങളുടെ മുൻ നിരയിലെത്തി. ഇവരെ നേരിടാൻ തങ്ങളുടെ അനുകൂലികളായ പണ്ഡിതൻമാരേയും തങ്ങൻമാരേയും ബ്രിട്ടീഷുകാർ രംഗത്തിറക്കി.

**കോഴിക്കോട്ടെ മുസ്‌ലിംകൾ**

തെക്കൻ മലബാറിൽ സമരാവേശവും ബ്രിട്ടീഷ് വിരോധവും ആളിക്കത്തുമ്പോൾ കോഴിക്കാടൻ തീരത്ത് മാപ്പിളമാരും ബ്രിട്ടീഷുകാരും സൗഹൃദത്തിലാണ് കഴിഞ്ഞത്. കോഴിക്കോട്ടെ വ്യാപാരികളും ധനാഢ്യരും ബ്രിട്ടീഷ്  ബാന്ധവത്തിലൂടെ സാമ്പത്തിക മുന്നേററം നടത്തിക്കൊണ്ടിരുന്നു. കോഴിക്കോട്ടെ ഖാസിക്ക് ബ്രിട്ടീഷുകാരുടെ അംഗീകാരവുമുണ്ടായിരുന്നു. അതിനാൽ ബ്രിട്ടീഷുകാരെ സ്വീകരിക്കാനും ബ്രിട്ടീഷ് രാജാവിന്റെ കിരീട ധാരണം ആഘോഷിക്കാനും ഖാസിമാരും ഖാൻ ബഹാദൂർമാരും മുന്നിലുണ്ടായി. ബ്രിട്ടീഷ് രാജാവിന്റേയും രാജ്ഞിയുടേയുമൊക്കെ സ്ഥാനാരോഹണ വേളകളിൽ പള്ളികളിൽ പ്രത്യേക പ്രാർഥനകൾ വരെ നടത്തി വന്നു. ഇവിടെ പല തങ്ങൻമാർക്കും ബ്രിട്ടീഷുകാർ ഖാൻ ബഹാദൂർ പട്ടവും നല്കിയിരുന്നു. മമ്പുറത്തെ പൂക്കോയ തങ്ങളുടെ ബന്ധുവായ മുത്തു കോയ തങ്ങളും പുത്രൻ ആററക്കോയ തങ്ങളും ഖാൻബഹാദൂർ പട്ടം സ്വീകരിച്ച് ബ്രിട്ടീഷുകാരെ സേവിച്ചു വന്നു. ഇങ്ങനെ കോഴിക്കോട്ടും തെക്കൻ മലബാറിലും സമീപന വ്യത്യാസമുണ്ടാവാൻ  കാരണം സാഹചര്യങ്ങളിലെ വ്യത്യാസമായിരുന്നു. ചൂഷണമുള്ളിടത്തേ പ്രതിരോധം വേണ്ടുള്ളു എന്ന ഇസ്‌ലാമിന്റെ സമീപനം തന്നെ ഇതിന്  കാരണം. വ്യാപാര രംഗത്ത് ബ്രിട്ടീഷ് നയം കോഴിക്കോട്ടെ മുസ്‌ലിംകൾക്ക് അനുഗുണമായിരുന്നു. അതോടൊപ്പം പ്രത്യക്ഷമായ വിരോധങ്ങളൊന്നും ബ്രിട്ടീഷുകാർക്ക് കോഴിക്കോട്ടെ മുസ്‌ലിംകളോടുണ്ടായതുമില്ല. ഖാസിയെയും ഖാൻ ബഹാദൂർമാരെയും തെക്കൻ മലബാറിലെ കലാപമില്ലാതാക്കാൻ പലപ്പോഴും ഉപയോഗപ്പെടുത്തിയിരുന്നു. ഉമർഖാസിയെ കോഴിക്കോട് ജയിലിലടച്ചപ്പോൾ ക്ഷുഭിതരായ ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ പോലീസ് കോഴിക്കോട് ഖാസിയെ ഉപയോഗപ്പെടുത്തി. മുത്തുക്കോയ തങ്ങളേയും പുത്രനേയും ഫസൽ പൂക്കോയ തങ്ങൾക്കെതിരേയും ഉപയോഗപ്പെടുത്തിയിരുന്നു. ഫസൽ തങ്ങൾ നാട് വിട്ട ശേഷം മമ്പുറത്തിന്റെ അധികാരം ബന്ധുവായ ആററക്കോയ തങ്ങൾക്ക് വന്നപ്പോൾ മമ്പുറം മഖാം ബ്രിട്ടീഷ് പക്ഷത്ത് ഉറച്ചു. മലബാർ സമരത്തിന് നേതൃത്വം നല്കിയ ഹിച്ച് കോക്കിന്റെ സ്മാരകം നിർമിക്കുന്നതിന്  എതിരെ 1930 കളിൽ മലബാറിൽ വലിയ സമരം ഉരു  ു കൂടിയിരുന്നു. എന്നാൽ മമ്പുറത്ത് വച്ച് ഇതേ സ്മാരകത്തിന് ധനാഢ്യരിൽ നിന്ന് പിരിവെടുത്ത്

ബ്രിട്ടീഷുകാരെ എല്പിച്ച സംഭവങ്ങളുമുണ്ട്. അതോടൊപ്പം മലബാർ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ ശിക്ഷയനുഭവിച്ചവരെ രക്ഷപ്പെടുത്താനും മമ്പുറം രക്ഷാധികാരി ഖാൻ ബഹാദൂർ ആററക്കോയ തങ്ങൾ മുന്നിലു ായിരുന്നു.

**മാപ്പിളമാർ ബ്രിട്ടീഷ് പക്ഷത്തും**

ബ്രിട്ടീഷ് പക്ഷത്ത് നിലയുറപ്പിച്ച മാപ്പിളമാർ വേറെയുമുണ്ട്. ഇവരിൽ വലിയൊരു ഭാഗം ബ്രിട്ടീഷ് ഉദ്യോഗസ്ഥൻമാരായിരുന്നു. മുസ്‌ലിംകളായ പോലീസുകാർ, പട്ടാളക്കാർ, അധികാരികൾ തുടങ്ങി നല്ലൊരു ഭാഗം മാപ്പിളമാർ ബ്രിട്ടീഷ് പക്ഷത്ത് നിന്ന് കൊണ്ട് സമരങ്ങളെ അടിച്ചമർത്താൻ മുൻ പന്തിയിലുണ്ടായി. പോരാളികളെ പിടിച്ചു കൊടുത്തതിന്റെ പേരിൽ ഇവരിൽ പലർക്കും സ്ഥാനക്കയററങ്ങളും സമ്മാനങ്ങളും ലഭിച്ചു. മാപ്പിളമാരെ കലാപത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നതിൽ വലിയ പങ്കു വഹിച്ച മക്തിതങ്ങളെ പ്പോലുള്ളവർ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻമാരായിരുന്നു. ഇൻസ്പെക്ടർ മൊയ്തീൻ, ഡിവൈഎസ്പി ആമു സൂപ്രണ്ട്., ഇൻസ്പെക്ടർ അമ്മു സാഹിബ്, തുടങ്ങിവയർ ബ്രിട്ടീഷുകാരേക്കാൾ വലിയ രാജഭക്തി കാണിച്ച് കൊണ്ട് സമരത്തെ അടിച്ചമർത്തിയതിൽ മുൻ പന്തിയിലെത്തി. ബ്രിട്ടീഷുകാരെ സഹായിക്കാൻ മുസ്‌ലിം ജന്മിമാർ സജീവമായി രംഗത്തെത്തി. ഇവരിൽ അധിക പേർക്കും സർക്കാർ ബഹുമതിയായി ഖാൻ സാഹിബ് പട്ടം കൊടുത്തിരുന്നു. ഇവരും ആശ്രിതരായ കുടിയാൻമാരും ബ്രിട്ടീഷുകാരെ അതിരു വിട്ട് സഹായിച്ചു. സമരത്തിന്റെ മറവിൽ കലാപങ്ങളും കൊള്ളയും അഴിച്ച് വിട്ട് സമരത്തിന്റെ പേര് കെടുത്താൻ ഇവർ മുൻപന്തിയിലുണ്ടായിരുന്നു. ഇവുടെ നിർബന്ധത്തിന് വഴങ്ങിയാണ് പല പണ്ഡിതൻമാരും ബ്രിട്ടീഷ് പക്ഷത്ത് നിന്നത്. കലാപകാരികളെ പിടിച്ചു കൊടുക്കാനും സമരത്തെ ഒററിക്കൊടുക്കാനും ഇവർ നേതൃത്വം നലകി വന്നു. സമര വേളയിൽ മനകൾ കൊള്ള ചെയ്യാനും സ്ത്രീകളെ മാനഭംഗപ്പെടുത്താനും തങ്ങളുടെ ശത്രുവായ ഹിന്ദു ജന്മിമാരോട് പ്രതികാരം തീർക്കാനും ഇവരുണ്ടായിരുന്നു. ഇത് മൂലം ജന്മിമാരുടെ മനകൾക്കും ഇല്ലങ്ങൾക്കും കാവൽ നില്ക്കാൻ ഖിലാഫത് നേതാക്കൾ വളണ്ടിയർമാരെ ഏർപ്പാടാക്കിയിരുന്നു. ഈ കാവൽക്കാരെ തന്നെ കലാപകാരികളാക്കി ചിത്രീകരിച്ച് പോലീസിന് നല്കുമായിരുന്നു. ഈ കാവൽക്കാരെ വധിച്ച് മനകൾ കൊള്ള ചെയ്ത സംഭവം തിരൂരങ്ങാടിയിലെ നന്നമ്പ്രയിലുണ്ടായി. അവിടെ ആലി മുസ്‌ലിയാർ ഏർപ്പാടാക്കിയിരുന്ന കാവൽക്കാരെയാണ് മൂസക്കുട്ടി അധികാരിയുടെ ആൾക്കാർ വധിച്ചത്. ഇവരോടൊപ്പം കൊള്ളയിൽ പങ്കെടുത്ത് പണമുണ്ടാക്കിയ മാപ്പിളമാരുമുണ്ട്. ജന്മിമാരെ കൊന്നും അവരുടെ മുതലുകൾ അപഹരിച്ചും പതികാരം തീർക്കുക കൂടി ഇവർക്ക് ലക്ഷ്യമുണ്ടായിരുന്നു. വാരിയൻ കുന്നനെ പിടിച്ച് കൊടുക്കാനും മൃതദേഹം കത്തിച്ചു കളയാനും ബ്രിട്ടീഷുകാരെ സഹായിച്ചത് മാപ്പിളമാരായ അധികാരികളായിരുന്നു. വാഗൺ ട്രാജഡിയിലെ അന്വേഷണക്കമീഷനിൽ മാപ്പിള ജന്മിയെ കൂടി ബ്രിട്ടീഷുകാർ ഉൾപ്പെടുത്തിയിരുന്നു. കുററക്കാരെ വെറുതെ വിടാൻ ഇവർ പിന്തുണ നല്കി.

പല പ്രദേശത്തും അനുയായികളുണ്ടായിരുന്ന കുണ്ടോട്ടി തങ്ങൻമാരും ബ്രിട്ടീഷ് പക്ഷത്താണ് നിലയുറപ്പിച്ചത്. കുണ്ടോട്ടി തങ്ങൻമാരും കേരളത്തിലെ മററ് തങ്ങൻമാരും തമ്മിൽ ചേരിപ്പോര് നില നിന്നിരുന്നു. കുണ്ടോട്ടി തങ്ങളെ ഷിയാ എന്ന് മുദ്ര കുത്തപ്പെട്ടപ്പോൾ മുസ്‌ലിം ബഹു ജനത്തിന്റെ പിന്തുണ നേടാനവർക്ക് കഴിഞ്ഞില്ല. മുസ്‌ലിംകൾ അധിക പക്ഷവുംഅതോടൊപ്പം മററ് സയ്യിദ് കുടുംബങ്ങളും സുന്നി പക്ഷത്തായിരുന്നു. കുണ്ടോട്ടി തങ്ങൾക്ക് അരീക്കോട്, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ അനുയായികളുണ്ടായിരുന്നു. ഈ മാപ്പിളമാർ തങ്ങളുടെ നിർദേക പ്രകാരം

ബ്രിട്ടീഷുകാരെ അനുകൂലിക്കുകയും സമരക്കാരെ പിടിച്ചു കൊടുക്കാൻ അധികാരികളെ സഹായിക്കുകയും ചെയ്തു. കുണ്ടോട്ടിയിലും പരിസരങ്ങളിലും സമരം പടരാതിരുന്നത് കുേ   ാട്ടി തങ്ങളുടെ കൂടി സ്വാധീനം കൊ   ാണ്.

**ഇത് മലബാർ സമരം**

ഇത്രയും പറഞ്ഞത് മലബാറിലെ ഈ സമരത്തെ മാപ്പിള കലാപം എന്ന് പറയാനാവില്ല; എന്ന് തെളിയിക്കാനാണ്. കാരണം വലിയൊരു വിഭാഗം മാപ്പിളമാർ സമരത്തിൽ നിന്നവെന്ന് മാത്രമല്ല; അവർ കലാപം അടിച്ചമർത്താൻ ബ്രിട്ടീഷുകാരെ സഹായിച്ചവരുമാണ്. പുലയ ലഹള, ചാന്നാർ ലഹള എന്നൊക്കെ പറയും പോലെ ഇതൊരു ജാതിക്കാരുടെ സമരവുമായിരുന്നില്ല. ഇവിടെ മാപ്പിളമാരുടേയോ ഇസ്ലാമിന്റേയോ കാര്യം നേടുകയായിരുന്നില്ല ലക്ഷ്യം  കാരണം ഇവിടെ ദുരിതമനുഭവിക്കുന്ന കർഷകന്റെ കഷ്ടതകയകററുകയായിരുന്നു ലക്ഷ്യം.  സമര സഖാക്കൾ് സമരത്തിന്റെ ഭാഗമായി ഇസ്ലാമിലേക്ക് ചേർന്നവരാണ്. അവർ മാപ്പിള സമുദായത്തിന്റെ ഭാഗമായി എന്ന് മാത്രം. മാപ്പിള എന്നത് അടിസ്ഥാനമപമരമായി അറബിയും മലയാളിയും കൂടിച്ചേർന്നതാണല്ലോ? എന്നാൽ മലബാറിലെ പോരാളികൾ ആ അർഥത്തിൽ മാപ്പിളമാരുമല്ല. കുടിയാൻമാരായ അവർ കുടുംബ സമേതം ഇസ്ലാമിലേക്ക് വന്നതാണ്. കർഷകരുടെ സമരത്തെ പൊതുവേ ആരും ജാതിയോ, മതമോ തിരിച്ചു പറയാറില്ല. സ്വാതന്ത്ര്യത്തിനു വേ   ിയുള്ള സമരങ്ങളേയും അങ്ങനെ പറയാറില്ല. പുന്നപ്ര സമരം കയ്യൂർ സമരം എന്നൊക്കെ പറയും പോലെ ഇത് മലബാർ സമരമാണ്. പുന്നപ്രയിലും വയലാറിലും സമരത്തിൽ പങ്കെടുത്തവർ ഭൂരിപക്ഷവും ഒരു പ്രത്യേക മതക്കാരോ ജാതിക്കാരോ ആണ്. എന്ന് വച്ച് ആ സമരങ്ങളെ ആരെങ്കിലും മതത്തിന്റേയോ ജാതിയുടേയോ പേരിൽ മുദ്ര കുത്താറുണ്ടോ?  ഇത് ശരിക്കും ബ്രിട്ടീഷുകാരും ജന്മിമാരും ചേർന്നൊരുക്കിയ കെണികളാണ്. ഇത് അങ്ങനെ തന്നെ ആക്കാനും കർഷകരുടെ വീര്യം നശിപ്പിക്കാനും സമരത്തിന്റെ പേരു കെടുത്താനും  അധികാരികളും അനുകൂലികളും കൊണ്ടു പിടിച്ചു ശ്രമിക്കുകയായിരുന്നു. നേതാക്കളെ അറസ്ററ് ചെയ്ത് നേതാവില്ലാത്ത അവസ്ഥ വരുത്തി സമരത്തിന്റ ലക്ഷ്യം തെററിക്കാൻ അധികാരികൾ കൊണ്ടു പിടിച്ചു. കൊള്ളയും കൊള്ളി വയ്പും നിർബന്ധിത മതം മാററങ്ങളും  ഉണ്ടാക്കിയതിൽ മുഖ്യ പങ്ക് ബ്രിട്ടീഷുകാർക്കും അവരെ അനുകൂലിക്കുന്ന മുസ്ലിം ജന്മിമാർക്കും അവരുടെ ആശ്രിതർക്കുമായിരുന്നു. എന്നിട്ട് എല്ലാം ഖിലാഫത് നേതാക്കളുടെ പേരിലെഴുതി അവരെ വധിക്കാനും നാടു കടത്താനുമുള്ള വ്യാപകമായ ഗൂഢാലോചനകളാണ് അരങ്ങേറിയത്. എല്ലാ നെറികേടുകളുടേയും ഉത്തരവാദിത്തം മാപ്പിള കർഷകുടെ തലയിൽ വച്ചു. പണ്ഡിതൻമാരെയും തങ്ങൻമാരെയും ശിക്ഷിച്ചു. അവരെ തിരിച്ചു വരാൻ കഴിയാത്ത വിധം ഛിന്നഭിന്നമാക്കി. അവരുടെ പേരിൽ രേഖകളിൽ കാണുന്ന പല സ്റേററുമെന്റുകളും പോലീസുകാർ തോക്ക് ചൂണ്ടി പറയിച്ചതാണ്. ഖിലാഫത് നേതാക്കളുടെ പലരുടേയും പേരിൽ ആരോപിക്കപ്പെട്ട കുററങ്ങൾ അവർ സ്വപ്നത്തിൽ പോലും ചിന്തിക്കാത്തതാണ്. മതം മാററവും കൊള്ളി വയ്പും വിശുദ്ധൻമാരായ തങ്ങൻമാരുടെ പേരിൽ പോലും കെട്ടി വയ്ക്കുകയായിരുന്നു.

**ദേശീയ പ്രചാരണങ്ങൾ**

ലോകതലത്തിലും ദേശീയ തലത്തിലും  മലബാർ സമരത്തെ വർഗീയ കലാപമാക്കി ചിത്രീകരിക്കാനുള്ള ഹീന ശ്രമൽങ്ങൾ നടന്നു. ബ്രിട്ടീഷ് മാധ്യമങ്ങളിലം ഉത്തരേന്ത്യയിലെ ഹിന്ദി മാധ്യമങ്ങളിലും മലബാറിൽ ഹിന്ദുക്കളെ കൊന്നൊടുക്കുകയാണെന്ന പ്രചാരണം ശക്തമാക്കി.

ഗാന്ധിജിക്കെതിരെയുള്ളപ്രചാരണത്തിന്റെ ഭാഗം കൂടിയായിരുന്നു ഇത്. ഗാന്ധിജി പണിപ്പെട്ടു ണ്ടാക്കിയ ഹിന്ദു മുസ്‌ലിം മൈത്രി തകർക്കാൻ ഈ പ്രചാരണങ്ങൾ വലിയ ആയുധമായി ഭവിച്ചു. ബ്രിട്ടീഷുകാർക്കും ഇതൊരാവശ്യമായിരുന്നു. ഹിന്ദു മഹാസഭാ നേതാക്കളായ മാളവ്യ, ബിപിൻ ചന്ദ്ര, ലാലാ ലജ്പത് റായ് എന്നിവരും അരോബിന്ദോ, ലാലാ ഹർദയാൽ തുടങ്ങിയവരും ആര്യ സമാജക്കാരും ഇതിന് മുൻപന്തിയിലുണ്ടായിരുന്നു. ഹിന്ദു മുസ്‌ലിം മൈത്രിയുടെ മുൻ പന്തിയിലുണ്ടായിരുന്നവർ പോലും വർഗീയതക്കൊപ്പം ചേരുന്നതാണ് നാം കാണുന്നത്. ശുദ്ധി പ്രസ്ഥാനവും ഗോവധ നിരോധവമമൊക്കെ ആയുധമാക്കി ഹിന്ദു വർഗീയത ഉദ്ദീപിപ്പിക്കാനും മലബാറിൽ അത് വ്യാപിപ്പിക്കാനും ആര്യ സമാജക്കാർ കേരളത്തിലെത്തി. കോൺഗ്രസ് നേതാവായ മാധവൻ നായർ പോലും ഒരുവേള ബ്രിട്ടീഷ് പത്രങ്ങളുടെ റിപ്പോർട്ടറായി പ്രവർത്തിച്ച് കൊ ് വർഗീയപരമായ വാർത്തകൾ ഇംഗ്ലീഷ് പത്രങ്ങൾക്ക് നല്കിയിരുന്നു. ഇത് വായിച്ച് തെററിദ്ധരിക്കപ്പെട്ട പലരുമുണ്ടായിരുന്നു. മുഹമ്മദീയരെ ക്രൂരൻമാരായി ചിത്രീകരിച്ച കുമാരാനാശാൻ പോലും ഈ കെണിയിൽ അകപ്പെട്ടു. ഇക്കാര്യം അദ്ദേഹം സമ്മതിക്കുകയും ചെയ്തു. ദുരവസ്ഥയിലെ പരാമർശങ്ങൾ തിരുത്തി മറെറാരു കവിത എഴുതാൻ തീരുമാനിച്ചെങ്കിലും അതിന് മുമ്പേ അദ്ദേഹം മരണമടഞ്ഞു. മലബാർ സമരത്തെ അപകീർത്തിപ്പെടുത്തിയെങ്കിലും ഗാന്ധിജിയുടെ വ്യക്തി പ്രഭാവത്തെ തകർക്കാനൊന്നും വർഗീയ വാദികൾക്കായില്ല. മലബാർ സമരത്തിന്റെ നിജസ്ഥിതി മനസ്സിലാക്കിയ അദ്ദേഹം മാപ്പിളമാരുടെ സമരാവേശത്തെ വാഴ്ത്തുകയാണ് ചെയ്തത്. ഇക്കാര്യം എം, ഗംഗാധര മേനോൻ സമരത്തെക്കുറിച്ചുള്ള തന്റെ കൃതിയിൽ സൂചിപ്പിക്കുന്നു. സമരത്തിനെതിരെ വർഗീവ വാദികൾ ഉയർത്തിവിട്ട കൊടുങ്കാററിൽ മുസ്‌ലിം വിരോധവും ഹിന്ദുത്വവും ശക്തമായി. ഇതേ തുടർന്ന് ഉത്തരേന്ത്യയിൽ ഹിന്ദു മുസ്‌ലിം സംഘട്ടനങ്ങൾ അരങ്ങേറി. ആര്യ സമാജം നേതാവ് സ്വാമി ശ്രദ്ധാനന്ദ് വധിക്കപ്പെട്ടു. മൗലാനാ മുഹമ്മദലിയെ വധിക്കാൻ ഇവർ പരിപാടിയിട്ടെങ്കിലും കഴിഞ്ഞില്ല. ഗാന്ധിജി ജീവിക്കരുതെന്ന് മഹാ സഭയും ആര്യ സമാജക്കാരും അന്നേ തീരുമാനിച്ചിരുന്നു.

**ഖിലാഫത് ഭരണമില്ല**

മലബാറിൽ ആലി മുസ്‌ലിയാരും വാരിയൻ കുന്നനും കൂടി എർപ്പെടുത്തിയ ഭരണം താല്ക്കാലികമായിരുന്നു. മുസ്‌ലിംകൾ ഇവിടെ വന്നേടം മുതൽ ഒരു ഭരണമുണ്ടാക്കാൻ ശ്രമിക്കുകയോ ആവശ്യമുന്നയിക്കുകയോ ഉണ്ടായില്ല. പ്രാദേശിക ഭരണങ്ങളെ ശക്തിപ്പെടുത്തുകയും സഹായിക്കുകയാണ് അവരിത്രകാലം ചെയ്തത്. സാമൂതിരയുടേത് ഇസ്‌ലാംരാജ്യം തന്നെയാണെന്ന് സൈനുദ്ദീൻ മഖ്ദൂം തന്നെ പറയുന്നു. ഭരണം ബ്രിട്ടീഷുകാർ കൈയടക്കുകയും സാമൂതിരിയടക്കമുള്ള മുൻ രാജാക്കൻമാർ ബ്രിട്ടീഷ് പക്ഷത്താവുകയും ചെയ്തപ്പോഴാണ് മാപ്പിള നേതാക്കൾ ഒരു ഭരണത്തിന് വേ ി മുന്നോട്ടു വന്നത്. എന്നാൽ ഈ ഖിലാഫത് ഭരണം കിതാബടിസ്ഥാനമാക്കിയ ഭരണമായിരുന്നില്ല. ചൂഷണത്തിനെതിരെ എല്ലാ മതക്കാരെയും അണി നിരത്തുകയായരിുന്നു ഇതിന്റെ ലക്ഷ്യം. അതിന്റെ അടിസ്ഥാന തത്വങ്ങൾ തയാറാക്കിയത് ഹിന്ദുക്കളും മുസ്‌ലിംകളും കൂടിയിരുന്നാണ്. ഇതിൽ ഹിന്ദുക്കൾക്ക് ഉപദ്രവമുണ്ടാക്കുന്ന ഒരു പരിപാടിയിലും മുസ്‌ലിംകൾ എർപ്പെടരുതെന്നും മതം മാററുന്നതിൽ നിന്ന് മാറി നില്ക്കണമെന്നും കുഞ്ഞഹമ്മദാജിയുടെ നേതൃത്വത്തിലള്ള നേതാക്കളുടെ യോഗത്തിൽ തീരുമാനിക്കുകയായിരുന്നു. ഖിലാഫത് ഭരണം എന്ന് പരക്കെ പേര് ലഭിച്ചെങ്കിലും തന്റെ നാടിനെ ഖിലാഫത് രാജ്യമെന്നല്ല, മറിച്ച് മലയാള രാജ്യമെന്നാണ് കുഞ്ഞഹമ്മദാജി തന്നെ വിശേഷിപ്പിച്ചത്. ഇവിടെ ഖിലാഫത് ഭരണം എന്നത് കൊണ്ട് അർഥമാക്കുന്നത് ഖിലാഫത് പ്രസ്ഥാനത്തിന്റെ ഭരണം എന്ന നിലക്കാണ്; ഇസ്‌ലാമിക ഭരണം

എന്ന നിലക്കല്ല. ഹിന്ദുക്കളെയെല്ലാം പുറത്താക്കി പൂർണമായ ഒരു മുസ്‌ലിം രാജ്യമാക്കി മലബാറിനെ മാററാനാണ് കുഞ്ഞഹമ്മദാജി ശ്രമിച്ചത് തുടങ്ങിയ പ്രചാരണങ്ങളാണ് ഉത്തരേന്ത്യയിലടക്കം അഴിച്ചു വിട്ടത്. ഈ പ്രചാരണങ്ങൾ ശുദ്ധ അസംബന്ധമാണ്. നികുതി നിഷേധിക്കാനും എല്ലാവർക്കും നീതി നല്കാനുമായിരുന്നു തീരുമാനം. ഇങ്ങനെ ഒരു ഭരണ ക്രമം കൊണ്ടുവരികയല്ലാതെ  മറെറാരു മാർഗവും അന്നുണ്ടായിരുന്നില്ല.

**സമരശേഷം**

മലബാർ സമര ശേഷം കോൺഗ്രസ് പക്ഷത്തെ പല നേതാക്കളും വർഗീയ ചേരിയിലേക്ക് നീങ്ങിയെങ്കിലും ഹിന്ദു മുസ്‌ലിം മൈത്രി മലബാറിന്റെ മണ്ണിൽ നിന്ന് വിപാടനം ചെയ്യാനുള്ള ശ്രമങ്ങളൊന്നും കാര്യമായി വിജയിച്ചില്ല. കോൺഗ്രസിന് ഈ സമരത്തിന് വേണ്ടി പിന്നീട് ശബ്ദിക്കാൻ കഴിയാതെ വന്നത് പാർട്ടിയിലുണ്ടായ എതിർപ്പുകളാണ്. മുഹമ്മദലി, അബ്ദുറഹ്മാൻ സാഹിബ്, ഹസ്രത് മൊഹാനി തുടങ്ങിയ കോൺഗ്രസിലെ മുസ്‌ലിം നേതാക്കൾ കോൺഗ്രസ് മനോഭാവത്തെക്കുറിച്ചുള്ള തങ്ങളുടെ അതൃപ്തി ഗാന്ധിജിയെ നേരിൽ അിറയിച്ചെങ്കിലും ഗാന്ധിജി നിസ്സഹായനായിരുന്നു.  മുസ്‌ലിംകളായ ഏതാനും കോൺഗ്രസ് നേതാക്കൾ മലബാറിൽ കേൺഗ്രസിനെ തിരിച്ചു കൊണ്ടു വരാൻ ശ്രമിച്ചെങ്കിലും നടന്നില്ല. ഖാൻ ബഹാദൂർമാരും മുസ്‌ലിം ജന്മിമാരും ചേർന്ന് മുസ്‌ലിംകളെ കോൺഗ്രസിൽ നിന്നകററുകയും ജനങ്ങളെ മുസ്‌ലിം ലീഗിനോടടുപ്പിക്കുകയും ചെയ്തു. മുസ്‌ലിം ലീഗ് പാകിസ്ഥാൻ വാദവുമായി വന്നപ്പോൾ മലബാറിലെ മുസ്‌ലിംകൾ അതിന് വേണ്ടി മറേറത് പ്രദേശക്കാരെക്കാളും മുന്നോട്ടു വന്നു. ഇക്കാലത്ത് മാപ്പിളമാർ പലരും പാകിസ്ഥാൻ പ്രദേശത്തേക്ക് കുടിയേറുകയും ചെയ്തു. ഇതിനെതിരായി കോൺഗ്രും അതിലെ മുസ്‌ലിം നേതാക്കളും കഴിവത് ശ്രമിച്ചെങ്കിലും പാകിസ്ഥാൻ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ വികാരമായി. ഇതിനിടയിൽ മലബാർ സമരത്തെ ഓർക്കാനും അങ്ങനെയൊരു സമരം മലബാ റിലുണ്ടായതും അതിനായി വരിച്ച ത്യാഗങ്ങളും രക്തസാക്ഷിത്വവും ഓർക്കാൻ  ആരുമുണ്ടായില്ല. ബ്രിട്ടീഷുകാരും രാജ ഭക്തരും  മത നേതാക്കളും സമരത്തെ മനസ്സുകളിൽ നിന്ന് പിഴുതെറിയാൻ ശ്രമിച്ചത് തല്കാലം വിജയിച്ചു. 91 9995946382

==========================